# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൊച്ചാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി4/1819/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in

തീയ്യതി : 25.10.2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

നൊച്ചാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി4/1819/2017 തീയതി: 25.10.20107

# കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 22.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടിയൊന്നും ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ശ്രീ വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.08.2017 മുതൽ 30.08.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.പി ഹരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സതീഷ് കുമാർ.സി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദുകല.വി. | ഓഡിറ്റർ |
| | ശ്രീ.ശ്രീജിത്ത്.കെ.വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | പി.എം.കുഞ്ഞിക്കണ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | കെ.എം.രാധാകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | മനോജ് .പി.ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.റസീന മന്നത്ത്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡി.ഓഫീസർ (പി.എച്ച്.സി) | ഡോ.സൂരജ് .കെ.രാജ്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡി.ഓഫീസർ ആയുർവ്വേദം | ഡോ.എസ്.കവിത. | 01.04.2016 മുതൽ 14.10.2016 വരെ |
| | ഡോ.ബിജു. | 15.10.2016 മുതൽ 12.02.2017 വരെ |
| | ഡോ.ടി.കെ.മുഹമ്മദ്. | 13.02.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഉദയഭാനു.എം.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശശിധരൻ.വി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ലീന.ടി.കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | അജിത് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | തങ്കം | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ബിനോയ് ബാലകൃഷ്ണൻ. | 01.04.2016 മുതൽ 31.03.2017 വരെ |
| | ബിജോഷ്.എസ്.ഡി. | 01.04.2016 മുതൽ 31.03.2017 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | കേഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ |
| 12 | 2-2 | വസ്തു നികുതി – പൊതു അപാകതകൾ |
| 13 | 2-3 | കെട്ടിട നിർമ്മാണ ലൈസൻസ് – അപാകതകൾ |
| 14 | 2-4 | ഡി&ഒ ലൈസൻസ് – അപാകതകൾ |
| 15 | 2-5 | തൊഴിൽ നികുതി – അപാകതകൾ |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | മോർഡ്(MORD)സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഓവർ ഹെഡ്സ് ചാർജ്ജും, കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവ് നൽകി |
| 17 | 3-2 | ഗുണഭോക്തൃ സമിതി മുഖേനയുള്ള റോഡ് പ്രവൃത്തി – ഓവർഹെഡ്സ് ചാർജ്ജ് അധികം നൽകി |
| 18 | 3-3 | മണ്ണ് ഫില്ലിംഗ് പ്രവൃത്തി – അധിക നിരക്ക് നൽകി |
| 19 | 3-4 | കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് |
| 20 | 3-5 | മരാമത്ത് പ്രവൃത്തികൾക്ക് ഈടാക്കുന്ന പെർഫോർമെൻസ് ഗ്യാരണ്ടി – സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. |

| | | |
|---|---|---|
| 21 | 3-6 | അഡീഷണൽ പെർഫോർമെൻസ് ഗ്യാരണ്ടി ഈടാക്കാതെ കരാർ പ്രവൃത്തി നൽകി. |
| 22 | 3-7 | ടെണ്ടർ ഫോമിൽ വ്യാപകമായ വെട്ടിത്തിരുത്ത് – അധിക നിരക്കിന് പ്രവൃത്തി ഏൽപ്പിക്കുന്നു. |
| 23 | 3-8 | ടെക്നിക്കൽ സർക്കുലറിന് വിരുദ്ധമായി റോഡ് പ്രവൃത്തി ചെയ്യുന്നു. |
| 24 | 3-9 | കിളച്ചെടുത്ത സാധാരണ പാറ – ഫില്ലിംഗിന് ഉപയോഗിച്ചില്ല |
| 25 | 3-10 | ജലസുരക്ഷ ജീവസുരക്ഷ കാമ്പയിൻ സംഭാവന – വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| 26 | 3-11 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് – തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല. |
| 27 | 3-12 | വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ |
| 28 | 3-13 | സംസ്ഥാന ബധിര കായികമേളക്ക് സംഭാവന നൽകൽ – അപാകതകൾ |
| 29 | 3-14 | വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പ് – സാധാരണ ചെലവിനത്തിൽ ഉൾപ്പെടുത്തി |
| 30 | 3-15 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമാക്കിയില്ല. |
| 31 | 3-16 | എസ്.എസ്.എ, ഐ.വൈ. വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 32 | 3-17 | നെൽകൃഷി പ്രോത്സാഹനം – ഗുണഭോക്തൃ പട്ടിക മറികടന്ന് സഹായം അനുവദിച്ചു. |
| 33 | 3-18 | കദളീവനം പദ്ധതി – അപാകതകൾ |
| 34 | 3-19 | ലാപ്ടോപ്പ് വിതരണം – വിതരണ രേഖകളില്ല |
| 35 | 3-20 | അനുപൂരക പോഷകാഹാരം – വണ്ടിവാടക നൽകി – വിതരണ വിശദാംശം ലഭ്യമല്ല |
| 36 | 3-21 | അധിക തുക പിൻവലിച്ച് കൈവശം വെച്ചു |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 44 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 45 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 46 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് അംഗീകരിച്ച പഞ്ചായത്ത് തീരുമാനത്തിന്റെ നമ്പർ/തീയതി :43/16.തീയതി.04.03.2016 ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| കൂടുതൽ | കുറവ് | | | | |
| മുന്നിരിപ്പ് | 4000000 | 6316354 | 2316354 | | +58% |
| വരവ് | 115431500 | 48749096 | | 66682404 | -58% |
| ആകെ | 119431500 | 55065450 | | 64366050 | -54% |
| ചെലവ് | 110845200 | 49060192 | | 61785008 | -56% |
| നീക്കിയിരിപ്പ് | 8586300 | 6005258 | | 2581042 | -30% |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27-07-2017 | -- | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 30-08-2017 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6316354 |
| വരവ് | 48749096 |
| ആകെ | 55065450 |
| ചെലവ് | 49060192 |
| നിക്കീയിരിപ്പ് | 6005258 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11664955 | 11664955 | 10921474 | 0 | 93.63 |
| വികസനഫണ്ട് എസ്.സി.പി | 0 | 4425230 | 4425230 | 4110945 | 0 | 92.89 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 9666219 | 9666219 | 7556051 | 0 | 78.16 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3153798 | 3153798 | 2953798 | 0 | 93.65 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6542361 | 6542361 | 3253640 | 0 | 49.73 |
| എം.എൻ.ആർ.ഇ.ജി.എസ് | 27853 | 41115316 | 41143169 | 40774617 | 368552 | 99.1 |
| ബി ഫണ്ട് | 0 | 661560 | 661560 | 661560 | 0 | 100 |
| ശുചിത്വ മിഷൻ | 0 | 180000 | 180000 | 170000 | 10000 | 95 |
| വിമുക്തി ഫണ്ട് | 0 | 25000 | 25000 | 10250 | 14750 | 59 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.സി. | 738485 | 1458100 | 2196585 | 2196585 | 0 | 100 |
| പോഷകാഹാരം കേന്ദ്ര വിഹിതം | 328319 | 800549 | 1128868 | 632297 | 496571 | 44% |
| സാക്ഷരത | 50674 | 110400 | 161074 | 161074 | 0 | 100 |
| കേരളോത്സവം | 0 | 15000 | 15000 | 15000 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 60870422 | 139 | 36892157 | 6 | 59 | 65 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2118618 | 2454346 | 335728 | +15% |
| നികുതിയേതര വരവുകൾ | 628276 | 501390 | 126886 | -20% |
| മറ്റുവരവുകൾ | 169780 | 12717 | 157063 | -90% |
| ആകെ | 2916674 | 2968453 | 51799 | +2% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 571560 | 288 |

| | | |
|---|---|---|
| കർഷകതൊഴിലാളി വേതനം | 9512230 | 3908 |
| വിധവാ പെൻഷൻ | 9688200 | 3810 |
| വാർദ്ധക്യകാലപെൻഷൻ | 16954185 | 5410 |
| വികലാംഗപെൻഷൻ | 2782920 | 1377 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 287910 | 122 |
| വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2017 ന് വൈകീട്ട് 3-30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5528,(അയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തെട്ട് ) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/07/2017 to 18/07/2017 | 05/2017 & 06/2017 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.09.2006 മുതൽ 07.10.2006വരെ | 1997-98 മതൽ 2005-06 വരെ | എൽ.ബി.എ(എച്ച്.ക്യ)3/8എ-1045/769 dt.10.11.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ വാർഷിക സംഗ്രഹമെഴുതി പൂർത്തിയാക്കിയിട്ടില്ല. ഇതു കാരണം വാർഷിക കണക്കിലെ ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. വ്യാപാരികളുടെ തൊഴിൽ നികുതി വരവ് വാർഷിക ധനകാര്യ പത്രികയിലെ RP-43 ഷെഡ്യൂൾ പ്രകാരം 1,41,490/-രൂപയും തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 1,40,770/- രൂപ യുമാണ്. 2015-16 വാർഷികകണക്കുപ്രകാരം പ്രകാരം മുൻകൂറായി പിരിച്ചത് 460/- രൂപയാണ് . 260/- രൂപയുടെ വ്യത്യാസമുണ്ട്.

3. ഡി. ആന്റ്.ഒ രജിസ്റ്റർ പ്രകാരം തൻവർഷ കലക്ഷൻ 55,630/- രൂപയും, വാർഷികകണക്ക് RP-43 ഷെഡ്യൂൾ പ്രകാരം 42450/- രൂപയുമാണ്. 2015-16 വാർഷികകണക്കുപ്രകാരം പ്രകാരം മുൻകൂറായി പിരിച്ചത് 12,880/- രൂപയാണ് . 300/- രൂപയുടെ വ്യത്യാസമുണ്ട്.

4. വസ്തു നികുതി ഡിമാൻഡ് രജിസ്റ്റർ വാർഷിക സംഗ്രഹം എഴുതി സർട്ടിഫൈ ചെയ്ത് ഹാജരാക്കിയിട്ടില്ല. എന്നാൽ സഞ്ചയ പ്രകാരമുള്ള ഡിമാൻഡ് , കലക്ഷൻ, ബാലൻസ് തുകകളും, വാർഷികകണക്ക് പ്രകാരമുള്ള തുകകളും പരിശോധിച്ചതിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ഇനം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി ഡിമാൻഡ് (തൻവർഷം) | 18,67,120 | 16,04,205 | 2,62,915 |
| തൻവർഷ വരവ് | 12,08,815 | 11,61,161 | 47,654 |
| കുടിശ്ശിക വരവ് | 5,94,315 | 3,01,545 | 2,92,770 |
| തൻവർഷ ബാലൻസ് | 3,17,744 | 3,06,953 | 10,791 |
| കുടിശ്ശിക | 3,03,459 | 2,76,531 | 26,928 |

5. 2015-16 ധനകാര്യ പത്രികയിലെ ബി 15 ഷെഡ്യൂളിലെ വസ്തുനികുതി കുടിശ്ശികയും 2016-17 R 43 ലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. വാർഷിക കണക്ക് ബി-9 ഷെഡ്യൂൾ പ്രകാരം വാറ്റ് 15,710/- രൂപ അടവാക്കാൻ ശേഷിക്കുന്നുണ്ട്. ആയത് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

8. വാർഷിക കണക്ക് ബി-9 ഷെഡ്യൂൾ പ്രകാരം ഗ്രന്ഥശാലാ വരിസംഖ്യയിനത്തിൽ 74,461/- രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുവാൻ ശേഷിക്കുന്നുണ്ട്. 2015-16 വർഷം വരെയുള്ള തുകയായ 1,09,029/- രൂപ വൗച്ചർ നം. 21600479/06.10.2016 പ്രകാരം 2016 ഒക്ടോബർ മാസത്തിലാണ് ഒടുക്കിയിരിക്കുന്നത് (2013-14, 14-15, 15-16 വർഷത്തേത്) സർക്കുലർ നമ്പർ 10088/ എൽ3/05/ത.സ്വ.ഭ.വ.20.9.2015 പ്രകാരം എപ്രിൽ 30നകം ഒന്നാം ഗഡുവും നവമ്പർ 30 നകം രണ്ടാമത്തെ ഗഡുവും ഒടുക്കേണ്ടതാണ്. ഗ്രന്ഥശാലാവരിസംഖ്യയിനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുക താമസം കൂടാതെ ഒടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ഡെപ്പൊസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വിവിധ ഡെപ്പൊസിറ്റ് തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

10. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വിവിധ അഡ്വാൻസ് തുകകൾ ക്രമീകരിച്ചോ എന്നത് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

11. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ 2,00,925/- രൂപ വരവുണ്ട്. ആയത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ബിൽ പ്രകാരം ഈടാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1 4. ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ സാംഖ്യ വാർഷിക കണക്കുമായി താരതമ്യം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല.

15. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി-പൊതു അപാകതകൾ

നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട അസസ്മെന്റ് രജിസ്റ്ററുകൾ,നികുതി നിർണ്ണയ ഫയലുകൾ,സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള ഡിജിറ്റൽ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ നികുതി നിർണ്ണയത്തിലും വസ്തുനികുതി പരിഷ്കരണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വസ്തു നികുതി പരിഷ്കരണത്തിലെ അപാകതകൾ

i) സഞ്ചയ റിപ്പോർട്ട് പ്രകാരം 39 കെട്ടിടങ്ങളുടെ ഡാറ്റ ഡിജിറ്റൽ സൈൻ പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയാൽ മാത്രമെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി

പത്രിക പൂർണ്ണമാവുകയുള്ളൂ. ഇപ്രകാരം വിട്ടുപോയതും രേഖപ്പെടുത്താൻ അവശേഷിക്കുന്നതുമായ ഓരോ കെട്ടിടത്തിന്റെയും വിശദാംശങ്ങൾ ഡിജിറ്റൽ സൈൻ ചെയ്ത് ആധികാരികമാക്കുന്ന മുറക്ക് നിലവിൽ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന ഡി.സി.ബി പത്രികയിലെ തുകകൾ വ്യത്യാസപ്പെടാനിടയുണ്ട്. സോഫ്റ്റ്‌വെയറിന്റെ യാതൊരു സാക്ഷ്യപ്പെടുത്തലുകളുമില്ലാത്ത എക്സൽ ഫോർമാറ്റിലുള്ളതും തിരുത്തലുകൾ വരുത്താവുന്നതുമായ ഒരു ഡി.സി.ബി പത്രികയാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന തിരുത്തലുകൾ വരുത്തുന്നതിന് സാധിക്കുന്ന വിധത്തിലുള്ള ഡി.സി.ബി റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

ii) 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ 100/2015) ഭേദഗതി ചെയ്യപ്പെട്ട നികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

iii) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റ് തീയതിയിൽ 14 രശീതുകൾ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് കുടിശ്ശികയുള്ളതായി കാണുന്നു.ഇക്കാരണത്താൽ സഞ്ചയ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വസ്തുനികുതി പിരിവ് തുകയുടെയും കുടിശ്ശിക തുകയുടെയും കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

<u>2.സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് വസ്തു നികുതി നിർണ്ണയ,പരിഷ്കരണ നടപടികൾ നിർവ്വഹിക്കുന്നത്. സോഫ്റ്റ്‌വെയർ സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

i) വസ്തുനികുതി ഡിമാന്റ് പത്രികയുടെ സംക്ഷിപ്തത്തിൽ മുൻവർഷം അധികമായി വാങ്ങിയ തുക ബുക്ക് അഡ്ജസ്റ്റ്മെന്റായി രേഖപ്പെടുത്തി ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.എന്നാൽ ഏതെല്ലാം ഡിമാന്റുകൾക്കാണ് ഇപ്രകാരം ഇളവനുവദിക്കുന്നതെന്ന് വിശദമാക്കുന്ന പട്ടിക സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്നില്ല.ഇക്കാരണത്താൽ ഡിമാന്റിൽ നിന്നും ബുക്ക് അഡ്ജസ്റ്റ്മെന്റ് പ്രകാരം കുറവ് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

iii) നികുതി നിർണ്ണയം, പിരിവ്, പരിഷ്കരണം എന്നിവയ്ക്ക് സഹായകമാവുന്ന തരത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന് സോഫ്റ്റ്‌വെയറിന് സാധിക്കുന്നില്ല.

ഉദാ : കാലഹരണ സമയ പരിധിയിലെത്തി നിൽക്കുന്ന കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ പ്രത്യേക റിപ്പോർട്ടായി ലഭ്യമാകുന്നില്ല.ആയതിനാൽ ഇത്തരം കെട്ടിടങ്ങളുടെ നികുതി പിരിവിന് അടിയന്തിര പ്രാധാന്യം നൽകി പിരിച്ചെടുക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല.

iii) സോഫ്റ്റ്‌വെയറിലെ ഡിജിറ്റൽ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഓഡിറ്റർക്ക് ലോഗിൻ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

iv) നൊച്ചാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് ആവശ്യത്തിന്റെ ഉപയോഗ ക്രമത്തിൽ വരുന്ന കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചതിൽ വസ്തുനികുതിയിലുണ്ടാകുന്ന വർദ്ധനവ് ചട്ട വിരുദ്ധമായി 150 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നം, കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | നിലവിലുള്ള വസ്തു നികുതി. | വസ്തു നികുതി പരിഷ്കരണത്തിൽ വർദ്ധനവ് പരിമിതപ്പെടുത്തിയതിന് ശേഷമുള്ള നികുതി | ബാധകമായ നികുതി നിരക്ക്. | ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി. | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 16/483 മാനേജർ,കല്ലൂത്തുർ സർവ്വീസ് സഹകരണ ബാങ്ക്. | 102 | 57 | 143* (വർദ്ധനവ് 150 ശതമാനത്തിൽ പരിമിതപ്പെടുത്തി) | 40/ ച.മീ. | 102x40=4080+816(20% വർദ്ധനവ്)= 4896 | 4753 |

27.04.2015 ലെ സ.ഉ(എം.എസ്) നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവ് പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള

കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്. നിലവിലുള്ള ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് പരിമിതപ്പെടുത്തേണ്ടതില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട 33 കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്താത്തതിനാലാണ് ഓഫീസ് ആവശ്യം എന്ന് ഉപയോഗക്രമം രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതിയിലെ വർദ്ധനവ് 150 ശതമാനത്തിൽ പരിമിതപ്പെടുത്തപ്പെട്ടിട്ടുള്ളത്. മേൽ ഉത്തരവിന് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ 2013-14 മുതൽ ഒരോ വർഷവും ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സോഫ്റ്റ്‌വെയറിലെ അപാകതക്ക് ഉത്തരവാദികളിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇപ്രകാരമുള്ള അനർഹമായ ഇളവുകൾ അനുവദിക്കപ്പെട്ടത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

v) ഒരു നിശ്ചിത സമയ പരിധിയിലെ കെട്ടിടങ്ങളുടെയോ, വസ്തു നികുതിയുടെയോ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് സോഫ്റ്റ്‌വെയറിൽ സംവിധാനമില്ല.

ഉദാ- 2016-17 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ റിപ്പോർട്ട് സഞ്ചയയിൽ നിന്നും ലഭ്യമാകുന്നില്ല.

3.വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

i) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനവും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് /ഉപയോഗ ക്രമം | ഇടാക്കേണ്ടിയിരുന്ന വസ്തു നികുതി. | സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം, നിരക്ക് | ഈടാക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 17/614 എ,<br>17/614 ബി, 17/614 സി.<br>17/614 ഡി, | ശ്രീ.അബ്ദുൾ സലാം,<br>മനയിൽ വീട്,<br>കല്പത്തൂർ. | 130.48<br>(തറ നിരപ്പ്= 51.94<br>ഒന്നാം നില- 78.54) | 50/<br>100 ച.മീ ന് മുകളിലുള്ള വാണിജ്യാവശ്യം | തറനിരപ്പ്-<br>അടിസ്ഥാന വസ്തുനികുതി-2597<br>വർദ്ധനവ്-(+20%) | 30/<br>100 ച.മീ വരെയുള്ള വാണിജ്യാവശ്യം | 4584 | 3048 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 17/614 ഇ,<br>17/614 എഫ്,<br>തറവിസ്തീർണ്ണം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | | | | ഇളവ്- ഇല്ല<br>=3116<br>ഒന്നാം നില-<br>അടിസ്ഥാന വസ്തുനികുതി-3927<br>വർദ്ധനവ്-(+20%)<br>ഇളവ്-5%-(ബഹുനില കെട്ടിടം)<br>=4516<br>ആകെ- 7632 | | | |
| ആകെ | | | | | | | | 3048 |

കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിടനമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ii) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നത് മൂലം കെട്ടിടത്തിന്റെ പൊതു ആവശ്യത്തിനായിട്ടുപയോഗിക്കുന്ന ഇടങ്ങളുടെ വിസ്തീർണ്ണം വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെടുകയും വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നതിനും കാരണമാകുന്നു.

ഉദാ- മാത,കല്ലങ്കോട്ട് തറമ്മൽ ,വെള്ളിയൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 72.57 ചതുരശ്ര മീറ്ററാണ്. എന്നാൽ കെട്ടിടം വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ അനുവദിച്ചത് മൂലം (10/436 എ,10/436 ബി) തറവിസ്തീർണ്ണത്തിൽ 8.97 ച.മീ ന്റെ കുറവുണ്ടായിട്ടുണ്ട്.

iii) സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടത്തിന്റെ വിനിയോഗ ഗണം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടായി.

ഉദാ- ഡി.&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം (രജിസ്റ്റർ വർഷം- 2016-17 ,ക്രമ നം- 6) ഈർച്ചമിൽ പ്രവർത്തിക്കുന്ന 9/458 നമ്പർ കെട്ടിടം സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള ഷോപ്പായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## **2-3** കെട്ടിട നിർമ്മാണ ലൈസൻസ്- അപാകതകൾ

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട കെട്ടിടനിർമ്മാണ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ

ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ രജിസ്റ്റർ അപൂർണ്ണമാണ്.ഭൂരിഭാഗം കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എന്തെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ചയുണ്ടായി. പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഫയൽ അന്വേഷണം നടത്തി സമയബന്ധിതമായി സെക്ഷനിൽ തിരികെ ലഭ്യമാക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുന്നു. .അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായതിന് ശേഷവും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല.

അബ്ദുൾ സലാം, അമ്പായകുന്നുമ്മൽ, ചെറിയകുമ്പളം,പാലെരി എന്നവരുടെ അപേക്ഷയിന്മേൽ (ഫയൽ നം- 1355/16, തീയതി.09.05.2016) പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിച്ചതിൽ അപാകതകൾ കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലോട്ടിന്റെ വിശദാംശങ്ങൾ-

റീ സർവെ നം- 45/2,വിസ്തീർണ്ണം- 344 ചതുരശ്ര മീറ്റർ.

പെർമിറ്റനുവദിച്ച കെട്ടിടത്തിന്റെ വിശദാംശം-

ഉപയോഗ ഗണം- വാണിജ്യം (എഫ്), പെർമിറ്റ് നം- 1355/16, തീയതി-09.05.2016

പെർമിറ്റ് പ്രകാരം അനുവദനീയമായ വിസ്തീർണ്ണം-

ബേസ്മെന്റ് - 179.04,തറനിരപ്പ്- 190.65,ഒന്നാം നില- 214.47

ആകെ- 584.16

നിർമ്മിത വിസ്തീർണ്ണം സംബന്ധിച്ച കാൽകുലേഷൻ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല . ഓവർസിയറുടെ അന്വേഷണ റിപ്പോർട്ടിൽ കെട്ടിടത്തിന്റെ വ്യാപ്തി 62.34 % എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന് ചുവടെയായി കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും പെർമിറ്റ് അനുവദിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

നൊച്ചാട് ഗ്രാമപഞ്ചായത്ത് കാറ്റഗറി II ൽ ഉൾപ്പെടുന്നതാണ് .വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി വ്യാപ്തി 55 ശതമാനം മാത്രമായിരിക്കെ അന്വേഷണ ഉദ്യോഗസ്ഥൻ 62.34 ശതമാനം വ്യാപ്തിയുണ്ടെന്ന് റിപ്പോർട്ട് ചെയ്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സങ്കേതം സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യവും ഉപകരണ ലഭ്യതയും ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിട്ടും സോഫ്റ്റ്‌വെയർ വിന്യസിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.സങ്കേതം സോഫ്റ്റ്‌വെയർ അടിയന്തിരമായി വിന്യസിക്കേണ്ടതും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ്- അപാകതകൾ

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകൾ ,രജിസ്റ്ററുകൾ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രജിസ്റ്ററുകൾ പൂർണ്ണമാക്കിയില്ല

2016-17 വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡി&ഒ ലൈസൻസ് ഫീസ് കളക്ഷൻ ഡിമാന്റ് ആയി കാണിച്ചിരിക്കുകയാണ്.രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.രജിസ്റ്ററിലെ പല രേഖപ്പെടുത്തലുകളും ഭാഗികമാണ്.അപേക്ഷ സമർപ്പിച്ച് ലൈസൻസ് ഫീ അടവാക്കിയ മുഴുവൻ അപേക്ഷകർക്കും ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല.

2. ഡി ആൻഡ് ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ദിവസ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ഒരു ദിവസത്തെ ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടത്. എന്നാൽ ലൈസൻസിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഉദാഹരണം- രജിസ്റ്ററിലെ 4,18, 29 ക്രമ നമ്പറായുള്ള അപേക്ഷകൾ.

3. ഡി ആൻഡ് ഒ ലൈസൻസ് - സ്ഥലംസന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല.

ഡി ആൻഡ് ഒ ലൈസൻസിനുള്ള അപേകേഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തി അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല.ജി.ഒ. (ആർടി) 1813 /14 ഉത്തരവ് പ്രകാരം ഡി & ഒ ലൈസൻസ് അപേക്ഷകൾ നിർബന്ധമായും സ്ഥല പരിശോധന നടത്തേണ്ടതും ആയത് സംബന്ധിച്ച വിവരം പേഴ്സണൽ രജിസ്റ്ററിൽ ചേർക്കുകയും വേണം. സ്ഥലം സന്ദർശിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ ശരിയാണോ എന്ന് ഉറപ്പുവരുത്താതെയാണ് ലൈസൻസുകൾ നൽകിയിട്ടുള്ളത്. അപേക്ഷയിൽ രേഖപ്പെടുത്തിയ വിറ്റുവരവ്/ യന്ത്രശക്തി ശരിയാണോ എന്നുള്ളത് സംബന്ധിച്ച് പരിശോധനാ കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഉദാ- രജിസ്റ്ററിലെ 4,5,18 ക്രമനമ്പറായുള്ള അപേക്ഷകൾ.

4. ഡി ആന്റ് ഒ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നമുഴുവൻ വ്യാപാര/കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ് ഫീസ് കളക്ഷൻ ഡിമാന്റ് ആയി കാണിച്ചിരിക്കുകയാണ്

## 2-5 തൊഴിൽ നികുതി- അപാകതകൾ

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. 2016-17 വർഷത്തെ ഡി.സി.ബി.യുടെ സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രണ്ടാം അർദ്ധവർഷത്തെ വിവരങ്ങൾ പൂർണ്ണമായും രജിസ്റ്ററിൽ ചേർത്തിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

2. ചേനോളി എൽ.പി.സ്കൂൾ, ,സുഭിക്ഷ, നൊച്ചാട് വനിതാ സഹകരണ സംഘം, സി.ഡി.എസ് അക്കൗണ്ടന്റ് എന്നിവരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല.

3. ചാലിക്കര കേരള ഗ്രാമീൺ ബാങ്ക് ബ്രാഞ്ച് മാനേജർ സമർപ്പിച്ച 2016-17 രണ്ടാം അർദ്ധ വർഷത്തെ ഫോറം II പ്രകാരം ഏഴ് ജീവനക്കാരിൽ നിന്നും 8750 രൂപ ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കാനുണ്ടായിരുന്നു.എന്നാൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 7830 രൂപ മാത്രമാണ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്.

4. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗത്തിലെ ജീവനക്കാരുടെ 2016-17 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയത് 31.03.2017 തീയതിയിലാണ്. സെക്രട്ടറി ശമ്പള വിതരണം നടത്തുന്ന ജീവനക്കാരിൽ നിന്നുപോലും തൊഴിൽ നികുതി സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തി.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മോർഡ് (MORD)സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഓവർഹെഡ്ഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർധനവ് നൽകി.

2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ റോഡ് പണി മോർഡ് (MORD) സ്പെസിഫിക്കേഷൻ അവലംബിച്ചാണ് ചെയ്തിട്ടുള്ളത്. പ്രൈസ് സോഫ്റ്റ്‌വെയറിൽ പ്രസ്തുത സ്പെസിഫിക്കേഷൻ ഉപയോഗിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നുണ്ട്. ഇക്കാര്യങ്ങൾക്ക് ജി.ഒ(പി)30/2016 ധന. തീയതി 29.02.2016 ഉത്തരവിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള പ്രൈസ് സോഫ്റ്റ്‌വെയറിലെ ഡാറ്റാ നിരക്കിൽ 10% ഓവർഹെഡ് ചാർജ്ജും, 10% കരാറുകാരന്റെ ലാഭവും നൽകിയതായി കാണുന്നു. എന്നാൽ മോർത്ത് സ്പെസിഫിക്കേഷനിൽ ഡെൽഹി ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ ഇനങ്ങൾക്ക് സി.പിയും, ഓവർഹെഡ് ചാർജ്ജും കൂടി ആകെ 15% ൽ പരിമിതപ്പെടുത്തിയാണ് അനുവദിച്ചത്. മോർഡ് സ്പെസിഫിക്കേഷനിൽ 20% അനുവദിക്കുന്നതിനു പകരം 15% ൽ പരിമിതപ്പെടുത്തിയിരുന്നുവെങ്കിൽ താഴെ കൊടുത്ത പ്രവൃത്തിയിലെ മോർഡ് ഉപയോഗിച്ചുള്ള ഇനങ്ങൾക്ക് 5% തുക അധികം നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര്/കരാറുകാരന്റെ പേര്/ എം.ബുക്ക്/ബിൽ/തുക | മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കിയ ഇനങ്ങൾക്ക് അനുവദിച്ച തുക (വെറ്റ് മിക്സ് മെക്കാഡം/വാട്ടർ ബൌണ്ട് മെക്കാഡം, ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, മിക്സ് സീൽ കോട്ട്,) | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|
| 1 | പനമ്പ്ര അംഗനവാടി റോഡ് (രണ്ടാം ഘട്ടം),<br>199/17<br>കരാറുകാരകൻ- ശ്രീ.പി.ഗഫൂർ<br>എം.ബുക്ക് - 34/16-17<br>ബിൽ നം.-57/16-17 | 160000 | 153333 (160000 X 115/120) | 6667 |

| | | | | |
|---|---|---|---|---|
| | തീ.31.03.2017<br>തുക- 151707<br>ബിൽ നം.-65/31.03.2017<br>തുക- 8293 | | | |
| 2 | ആക്കുപറമ്പ് കോട്ടിലോട്ട് അമ്പലം റോഡ്,112/16-17<br>കരാറുകാരൻ - ശ്രീ.ഗഫൂർ.പി<br>എം.ബുക്ക്- 24/2016-17<br>ബിൽ നം. 32/30.03.2017<br>തുക – 488603 രൂപ | 430129 | 412207 (430129 X 115/120) | 17922 |
| 3. | ഹെൽത്ത് സെന്റർ രയരോത്ത് റോഡ്, 147/17<br>കരാറുകാരൻ – ശ്രീ.ഗഫൂർ.പി എം.ബുക്ക്. 10/16-17<br>ബിൽ - 36/30.03.2017<br>തുക – 600000 | 600000 | 575000 (160000 X 115/120) | 25000 |
| 4 | കളോളിപൊയിൽ കരുവാൻ കണ്ടി മുക്ക് റോഡ്, 121/17<br>കരാറുകാരൻ - ശ്രീ.ഗഫൂർ.പി.<br>എം.ബുക്ക്.45/16-17<br>ബിൽ - 66/31.03.2017<br>തുക – 50000 | 50000 | 47917 (50000 X 115/120) | 22083 |
| 5 | ചാത്തോത്ത് മുക്ക് ഇല്ലത്ത് റോഡ്, 117/17<br>കരാറുകാരൻ – ശ്രീ.ഗഫൂർ.പി എം.ബുക്ക്. 25/16-17<br>ബിൽ - 25/25.03.2017<br>തുക – 500000 | 500000 | 479167 (500000 X 115/120) | 20833 |
| 6 | ചേനോളി കീഴൽ കോളനി റോഡ്, 123/17<br>കരാറുകാരൻ – ശ്രീ.ഗഫൂർ.പി. എം.ബുക്ക്.22/16-17 | 400000 | 383333 (400000 X 115/120) | 16667 |

| | | | | |
|---|---|---|---|---|
| | ബിൽ - 39/30.03.2017<br>തുക – 400000 | | | |
| 7 | പനമ്പ്ര അംഗനവാടി റോഡ് ,<br>199/17<br>അടങ്കൽ- 490000<br>കരാറുകാരകൻ- ശ്രീ.പി.ഗഫൂർ<br>എം.ബുക്ക് - 8/16-17<br>ബിൽ നം.-52 /31.03.2017<br>തുക- 461090<br>(5.9% ടെണ്ടർ കുറവ്) | 461090 | 441878<br>(461090 X<br>115/120) | 19212 |
| 8 | ഹെൽത്ത് സെന്റർ രയരോത്ത് മുക്ക് റോഡ്,<br>203/17<br>കരാറുകാരകൻ- ശ്രീ.പി.ഗഫൂർ<br>എം.ബുക്ക് - 35/16-17<br>ബിൽ നം.-58/31.03.2017<br>തുക- 99000 | 54397 | 52130<br>(54397 X<br>115/120) | 2267 |
| 9 | മില്ല് മുക്ക് കളോളി മീത്തൽ റോഡ്, 120/17<br>കരാറുകാരൻ – ശ്രീ.ഗഫൂർ.പി.<br>എം.ബുക്ക്.17/16-17<br>ബിൽ - 49/31.03.2017<br>തുക – 103803 | 103803 | 99478<br>(103803 X<br>115/120) | 4325` |
| 10 | മമ്മിളിക്കുളം യുവപ്രതിഭാ റോഡ്,113/17<br>കരാറുകാരൻ -<br>ശ്രീ.ഗഫൂർ.പി.<br>എം.ബുക്ക്.26/16-17<br>ബിൽ - 38/30.03.2017<br>തുക – 600000 | 600000 | 575000<br>(600000 X<br>115/120) | 25000 |
| 11 | രയരോത്ത് മുക്ക് | 350000 | 335417 | 14583 |

| | | | | |
|---|---|---|---|---|
| | വെള്ളാംതൊടി റോഡ്,119/17<br>കരാറുകാരൻ - ശ്രീ.ദിലീഷ്.കെ.കെ.<br>എം.ബുക്ക്. 43/16-17<br>ബിൽ - 67/31.03.2017<br>തുക – 350000 | | (350000 X 115/120) | |
| | ആകെ | | | 154559 |

കരാറുകാരന്റെ ലാഭവും, ഓവർഹെഡ് ചാർജ്ജും 15% ൽ പരിമിതപ്പെടുത്താത്തിനാൽ മേൽ കൊടുത്ത കരാറുകാർക്ക് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം ചെയ്ത പ്രവൃത്തിക്ക് 154559/- രൂപ അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം അധികമായി നൽകിയ 154559/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രോജക്ടിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്

## 3-2 ഗുണഭോക്തൃസമിതി മുഖേനയുള്ള റോഡ് പ്രവൃത്തി- ഓവർഹെഡ്ചാർജ് അധികം നൽകി

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ് 7.5% ആയി പരിമിതപ്പെടുത്തണമെന്ന് ചീഫ് എഞ്ചിനീയറുടെ 29.12.16ലെ ഡി ബി3-2513(ബി)/2016/ത സ്വ ഭ വ നം സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. ഉത്തരവ് തീയതിക്ക് മുമ്പ് കരാർ വെച്ച പ്രവൃത്തികൾക്കും സപ്ലിമെന്ററി ഉടമ്പടി വച്ച് ഓവർഹെഡ് ചാർജ് 7.5% ആയി പരിമിതപ്പെടുത്തണമെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ MORD സ്പെസിഫിക്കേഷനിൽ ഓവർഹെഡ് ചാർജ് 10% അനുവദിച്ചതായി കാണുന്നു.

| പ്രവൃത്തിയുടെ വിവരം | ഓവർഹെഡ് ചാർജ് 10% നിരക്കിൽ നൽകിയ തുക | ഓവർഹെഡ് ചാർജ് 7.5% നിരക്കിൽ നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|
| 1)വെള്ളിയാറക്കണ്ടി-കൊല്ലങ്കോട്ട് റോഡ്, പ്രൊജക്ട് - 138/17<br>എംബുക്ക് - 4/16-17<br>ചെലവ് - 376003 രൂപ, ബിൽ നം.42/30.03.17<br>കൺവീനർ - കെ.കെ.ഗോപിനാഥൻ നമ്പ്യാർ. | 376003 | 376003x107.5/110=367457 | 8545 |
| 2) കുഞ്ഞാലി മുക്ക്-മുട്ടപ്പള്ളി റോഡ്, | 295298 | 295298x107.5/110=288587 | 6711 |

| | | | |
|---|---|---|---|
| പ്രൊജക്ട് - 150/17<br>എംബുക്ക് - 30/16-17<br>ചെലവ് - 480445 രൂപ, ബിൽ നം.54/31.03.17<br>കൺവീനർ - സത്യൻ.പി.ടി. | | | |
| ആകെ | | | 15256 |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. അധിക തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 മണ്ണ് ഫില്ലിംഗ് പ്രവൃത്തി - അധികനിരക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2016-17 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത മരാമത്ത് പ്രവൃത്തിയുടെ ഒരിനം മണ്ണ് ഫില്ലിംഗ് എന്നതാണ്. മണ്ണ് ഫില്ലിംഗിന് ഒരു ഘനമീറ്ററിന് 416.5 രൂപ നിരക്ക് അനുവദിച്ചത്(കോസ്റ്റ് ഇൻഡക്സ് 1.381). 1.1.15ന് ചീഫ് എഞ്ചിനിയർ(ബിൽഡിംഗ്സ്) തയ്യാറാക്കിയ സി.ഇ/ബി എൽ/ജി.എൽ/2014 നമ്പറിലുള്ള ഒബ്സർവ്ഡ് ഡാറ്റയിലെ മണ്ണ് ഫില്ലിംഗിനുള്ള നിരക്ക് താഴെ കൊടുത്ത പ്രകാരമാണ്.

50.2.26.1 – കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ്

| code | description | unit | quantity | rate | amount |
|---|---|---|---|---|---|
| | Details of cost for one cum | | | | |
| 0979 | Royalty for good earth | cum | 1 | 30 | 30 |
| 2241 | Carriage of good earth | cum | 1 | 133.11 | 133.11 |
| 0128 | Mate | Day | 0.01 | 363 | 3.63 |
| 0115 | Coolie | Day | 0.01 | 329 | 3.29 |
| 0101 | Bhisti | Day | 0.01 | 363 | 3.63 |
| | Total | | | | 173.66 |
| | Add water charges@1% | | | | 1.74 |
| | Total | | | | 175.40 |
| | Cost index 38.1% | | | | 66.83 |
| | Total | | | | 242.23 |
| | Add CPOH 15% | | | | 36.33 |
| | Total | | | | 278.56 |

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മണ്ണ് ഫിൽ ചെയ്ത പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്- വരയൻകണ്ടി താഴ തിരുമംഗലത്ത് റോഡ്, 184/16<br>എംബുക്ക്- 62/15-16<br>പ്രവൃത്തിമൂല്യം -300000 രൂപ<br>ചെലവ്- 299907രൂപ, ബിൽ നം.15/28.02.17<br>-94970<br>കരാറുകാരൻ – ശ്രീ.ഡി.എം.കുഞ്ഞിക്കണ്ണൻ.<br>ടെണ്ടർ കുറവ്- .01 % | ഇനം 1<br>57.38 m3 | 57.38 x 416.5 x 99.9/100 =23896 | 57.38 x 278.56 x 99.9/100 =15982 | 7914 |
| 2 | വെള്ളിയൂർ മാതയോത്ത് ചാലിൽ റോഡ്, 153/16<br>എംബുക്ക്- 40/15-16<br>പ്രവൃത്തിമൂല്യം - 711639 രൂപ<br>ചെലവ്- 210320 രൂപ, ബിൽ നം.2/23.09.16,<br>കരാറുകാരൻ. ശ്രീ.എൻ.പി.കണാരൻ.<br>ടെണ്ടർ കുറവ്- 11.21 % | ഇനം 6<br>211.98 m3 | 211.98 x 416.5 x 88.79/100 =78392 | 211.98 x 278.56 x 88.79/100 =52430 | 25962 |
| ആകെ | | | | | 33876 |

ഇവിടെ ഉറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിനുള്ള ഇനമായ 50.2.26.1 എടുക്കേണ്ടതിന് പകരം വളരെ ചെറിയ ട്രെഞ്ച്, ഫൗണ്ടേഷൻ ഫില്ലിംഗിനുള്ള ഇനമായ 50.2.25.1 എടുത്തതിനാൽ 33876/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അധിക തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-4 കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ 7 മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.അബ്ദുറഹിമാൻ.കെ.കെ., ശ്രീ.ശ്രീനാഥ്.എം.സി എന്നീ കരാറുകാരുമായി നെഗോഷിയേറ്റ് ചെയ്ത് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. സാധനസാമഗ്രികൾ വിതരണം ചെയ്തതിന് 1233429/- രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ ഫോറം 8 ലുള്ള ബിൽ (rule.58, KVAT rules) സമർപ്പിക്കേണ്ടതാണെങ്കിലും കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധന സാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്നും താഴെ പറയുന്ന നിരക്കിൽ വാറ്റ് ഈടാക്കി

സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

10mm metal - 14.5%

20mm metal - 14.5%

40mm metal - 14.5%

Cement - 14.5%

M-sand - 14.5%

Quarry muck - 14.5%

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രമാണ് കുറവ് ചെയ്തത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരൻ. | ബിൽ തുക | ഈടാക്കിയ വാറ്റ് | സാധന സാമഗ്രികളുടെ വില | ഈടാക്കേണ്ട വാറ്റ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ചുണ്ടക്കാട്ടിൽ പാറചോട്ടിൽ ഫുട്പാത്ത് | ശ്രു.അബ്ദുറഹിമാൻ.കെ.കെ. | 195284.8 | 8069.05 | 161381 | 23400 | 15331 |
| 2 | മത്തത്ത് താഴെ പനപറമ്പത്ത് ഫുട്പാത്ത് | ശ്രീ.അബ്ദുറഹിമാൻ.കെ.കെ. | 290921 | 11906.85 | 238137 | 34530 | 22623 |
| 3 | എടവനതാഴ -കൈതക്കൽ താഴ ഫുട്പാത്ത്. | ശ്രീ.അബ്ദുറഹിമാൻ.കെ.കെ. | 193203.61 | 7953.9 | 159078 | 23066.31 | 15112 |
| 4 | തറവട്ടത്ത് മുക്ക്-കായണ്ണ മില്ല് റോഡ് ഫുട്പാത്ത് | ശ്രീ.അബ്ദുറഹിമാൻ.കെ.കെ. | 193729 | 7831.15 | 156623 | 22710 | 14879 |
| 5 | മുണ്ടങ്കണ്ടിതാഴെ-വെണ്ടപ്പുറത്ത് താഴ നടപ്പാത | ശ്രീ.അബ്ദുറഹിമാൻ.കെ.കെ. | 299107 | 12309.65 | 240793 | 34915 | 22605 |
| 6 | എലിപ്പാറ-തച്ചറുകണ്ടി താഴ നടപ്പാത | ശ്രീ.ശ്രീനാഥ്.എം.സി. | 198440 | 8223.8 | 164476 | (159804x14.5/100 +4672x5/100) =23405 | 15181 |
| 7 | അംഗൻവാടി -തച്ചറുകണ്ടി നടപ്പാത | ശ്രീ.ശ്രീനാഥ്.എം.സി. | 190261 | 5647.05 | 112941 | (19722x14.5/100 +93219x5/100)= 7520.64 | 1874 |
| | ആകെ | | | | | | 107605 |

സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് ബില്ലിൽ നിന്നും 4% വാറ്റ് മാത്രം ഈടാക്കിയതിനാൽ വാറ്റ് ഇനത്തിൽ 107605/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്ന് നിയമാനുസൃത വാറ്റ് ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തികൾക്ക് ഈടാക്കുന്ന പെർഫോമൻസ് ഗ്യാരണ്ടി- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

ജി.ഒ.(പി) 429/15/ഫിൻ, തീയതി.28.09.2015 ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് ഈടാക്കുന്ന പെർഫോമൻസ് ഗ്യാരണ്ടി എഗ്രീ പി.എ.സി യുടെ 5% തുകയായിരിക്കണമെന്നും പ്രസ്തുത ഡെപോസിറ്റ് തുകയുടെ 50% തുക ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റായി സ്വീകരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ പ്രവൃത്തികളിൽ കരാറുകാർ പെർഫോമൻസ് ഗ്യാരണ്ടി തുക സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്കിന്റെ ഫിക്സഡ് ഡെപ്പോസിറ്റായാണ് സമർപ്പിക്കുന്നത്.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പി.എ.സി. | കരാറുകാരന്റെ പേര്/ പെർഫോമൻസ് ഗ്യാരണ്ടി തുക | ഹാജരാക്കിയ ഫിക്സഡ് ഡെപോസിറ്റ് |
|---|---|---|---|
| 1 | ഹെൽത്ത് സെന്റർ-രയരോത്ത് മുക്ക് റോഡ്., 6 ലക്ഷം | ഗഫൂർ.പി.<br>₹ 30000 | മേപ്പയ്യൂർ സർവ്വീസ് കോ-ഓപ്പ റേറ്റീവ് ബാങ്കിന്റെ 25000 രൂപയുടെ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് (1001017262, 1001017263 യഥാക്രമ ം 15000,10000 രൂപ.)<br>കൽപത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 5000 രൂപയുടെ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ്. |
| 2 | പനമ്പ്ര അംഗനവാടി റോഡ്, 4 ലക്ഷം | ഗഫൂർ.പി.<br>₹ 24500 | പേരാമ്പ്ര കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ 6250 രൂപ,<br>കൽപത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2500 രൂപ<br>ചെറുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക്- 10000 രൂപ.<br>ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്- 6250 രൂപ. |
| 3 | മമ്മിളികുളം -യുവ പ്രതിഭാ റോഡ്<br>6 ലക്ഷം. | ഗഫൂർ.പി.<br>₹ 24500 | കൽപത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 15000 രൂപ(201000458)<br>കൽപത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 5000 രൂപ(101015500)<br>ചെറുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക്- 10000 രൂപ.(101018639) |
| 4 | രയരോത്ത് മുക്ക്-വെള്ളാംതൊടി റോഡ്<br>150000 | എൻ.പി.കണാരൻ.<br>₹7500 | ഫെഡറൽ ബാങ്കിന്റെ 042021 നമ്പർ സർട്ടിഫിക്കറ്റ്.- 7500 രൂപ. |
| 5 | മുളിയങ്ങൽ-വാളൂരമ്പലം റോഡ്.<br>6 ലക്ഷം. | ഗഫൂർ.പി.<br>₹ 17140 | കൽപത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 12140 രൂപ(101016068)<br>ചെറുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക്- 5000 രൂപ. |
| 6 | അംഗനവാടികളുടെ മെയിന്റനൻസ്<br>825000 | പ്രകാശൻ.പി.കെ.<br>₹41250 | കൽപത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 31500 രൂപ(020100717) |

മേൽ കാണിച്ച കരാറുകാർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയ പോലെ പെർഫോമൻസ് സെക്യൂരിറ്റി ട്രഷറി സേവിംഗ് ആയി ഡെപ്പോസിറ്റ് ചെയ്യിട്ടില്ല.കൂടാതെ ക്രമനമ്പർ 3,5,6 എന്നിവയിൽ മതിയായ പെർഫോമൻസ് ഡെപ്പോസിറ്റ് സ്വീകരിച്ചതായി കാണുന്നില്ല.ഇത് ശരിയായ നടപടിയല്ല. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-6 <u>അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കാതെ കരാർ പ്രവൃത്തി നൽകി</u>

ജി.ഒ.(പി) 429/15/ഫിൻ, തീയതി.28.09.2015 ഉത്തരവ് ഖണ്ഡിക 11 പ്രകാരം കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10 % നം 25 % നം ഇടയിൽ ക്വാട്ട് ചെയ്യുമ്പോൾ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി കരാറുകാരനിൽ നിന്നും ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.16.01.17 ന് ടെണ്ടർ ചെയ്ത കോഴിമുക്ക്- കണിയാം ചാലിൽ മുക്ക് റോഡ് (പ്രൊ.നം-188/17) കരാറുകാരൻ ശ്രീ.ഗഫൂർ.പി. എസ്റ്റിമേറ്റിനേക്കാളും 18.1% കുറവിനാണ് ടെണ്ടർ ക്വാട്ട് ചെയ്തത്.(എസ്റ്റിമേറ്റ് 4 ലക്ഷം).എന്നാൽ ടിയാനിൽ നിന്ന് ചെറുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 12500 രൂപയുടെ എഫ്.ഡി യും ട്രഷറി സേവിംഗ്സ് ബാങ്കിന്റെ 7500 രൂപയുടെ ഡെപ്പോസിറ്റും ഉൾപ്പെടെ 20000 രൂപയുടെ ഡെപ്പോസിറ്റും മാത്രമാണ് ഈടാക്കിയത്.ഇത് 4 ലക്ഷം രൂപയുടെ 5% തുകയായതിനാൽ പെർഫോമൻസ് ഗ്യാരണ്ടിയായി മാത്രമെ കണക്കാക്കാനാവുകയുള്ളൂ. അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇനത്തിൽ (400000x(8.1/100)=32400) ₹ 32400 രൂപ ഈടാക്കേണ്ടതായിരുന്നു.ആയത് ഈടാക്കിയതായി കാണുന്നില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-7 ടെൻഡർ ഫോമിൽ വ്യാപകമായ വെട്ടിതിരുത്ത്- അധിക നിരക്കിന് പ്രവൃത്തി ഏൽപ്പിക്കുന്നു

ഗ്രാമപഞ്ചായത്ത് 2016-17 വർഷം ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വ്യാപകമായ വെട്ടിതിരുത്തലുകളോടെയാണ് സമർപ്പിക്കപ്പെട്ടത്.ആദ്യം എസ്റ്റിമേറ്റ് നിരക്കിനേക്കാളും വളരെയധികം കുറവ് ക്വാട്ട് ചെയ്ത പ്രവൃത്തികൾ പിന്നീട് വെട്ടി തിരുത്തി എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത് ,തിരുത്തിയ ടെണ്ടർ ഫോറം തള്ളാതെ ആയത് അംഗീകരിച്ച് കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു.കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി) 13/2012/പി.ഡബ്ല്യു.ഡി.തീയതി.01.02.2012 ) സെക്ഷൻ 2009.2 പ്രകാരം ടെണ്ടറിലെ നിസ്സാര തെറ്റുകൾ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ട് എന്ന് വ്യക്തമാക്കുന്നു.എന്നാൽ പ്രസ്തുത നിസ്സാരതെറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇതിൽ റേറ്റ് ക്വാട്ട് ചെയ്തത് അക്കത്തിൽ എഴുതാത്തത് ( അക്ഷരത്തിൽ ശരിയായി എഴുതിയിട്ടുണ്ടെങ്കിൽ ) മാപ്പാക്കാവുന്നതാണ്. ഇവിടെ ഒരു പ്രാവശ്യം വളരെയധികം കുറവ് ക്വാട്ട് ചെയ്ത നിരക്ക് വെട്ടിമാറ്റി എസ്റ്റിമേറ്റ് നിരക്ക് ആക്കിമാറ്റി ആയത് അംഗീകരിക്കുകയാണുണ്ടായത്.ഇതിൽ നിന്നും മത്സരാധിഷ്ഠിതമായ ടെൻഡർ നടന്നുവെന്നും ,തുടർന്ന് ആയത് ഉപേക്ഷിച്ച് കരാറുകാർ ഒത്തൊരുമിച്ച് ഫോമിൽ തിരുത്തൽ വരുത്തി പ്രവൃത്തി ഏറ്റെടുക്കുകയാണുണ്ടായതെന്നും വ്യക്തമാകുന്നു.ആയതിനാൽ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ചുവടെ കാണിച്ച വിധം നഷ്ടമുണ്ടായിട്ടുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രവൃത്തി മൂല്യം/പ്രൊജക്റ്റ് നം/ബിൽ നം/തായതി. | ടെൻഡർ ലഭിച്ച കരാറുകാരൻ (ടെൻഡർ തീയതി) | ആദ്യം ക്വാട്ട് ചെയ്ത തുക | പിന്നീട് ക്വാട്ട് ചെയ്ത തുക | നഷ്ടം |
|---|---|---|---|---|---|
| 1 | പുത്തൂർ താഴെ-പൊറേരി മീത്തൽ റോഡ് ,130/17, 398258<br>22/25.03.2017 | ഗോപാലൻ.കെ.<br>07.12.2016 | 15.17 % കുറവ്. | എസ്റ്റിമേറ്റ് നിരക്ക്. | 60416 |
| 2 | കേളോത്ത് താഴെ -കനാൽപാലം റോഡ്<br>പ്രൊ.നം-137/17<br>₹ 196092<br>44/31.03.2017 | ശങ്കരൻ.പി.കെ.<br>07.12.2016 | 9.9% കുറവ് | 0.1 % കുറവ് | 19217 |
| 3 | കൊയിലോത്ത് താഴ റോഡ് സംരക്ഷണ ഭിത്തി<br>പ്രൊ.നം-182/17 | ശങ്കരൻ.പി.കെ.<br>07.12.2016 | 4.01% കുറവ് | 0.1 % കുറവ് | 1749 |

| | | | | | |
|---|---|---|---|---|---|
| | ₹ 44729<br>45/31.03.2017 | | | | |
| 4 | വള്ളൂപറമ്പ്-തിരുവോത്ത് താഴെ റോഡ്.<br>പ്രൊ.നം-144/17<br>₹ 300000<br>26/25.03.2017 | ഗഫൂർ,പി<br>07.12.2016 | 13.9% കുറവ് | എസ്റ്റിമേറ്റ് നിരക്ക്. | 41700 |
| 5 | പനാപ്പറമ്പത്ത് താഴെ-കീഴ്ക്കുടുമ്പിൽ<br>പ്രൊ.നം-149/17<br>₹ 95000<br>62/31.03.2017 | ഹരിദാസ്.പി.<br>07.12.2016 | 16 % കുറവ് | എസ്റ്റിമേറ്റ് നിരക്ക്. | 15200 |
| 6 | പാലയാട്ട് വെള്ളരിതാഴ കനാൽ റോഡ്<br>പ്രൊ.നം-145/17<br>₹ 150000<br>23/24.03.2017 | എൻ.രാജൻ.<br>07.12.2016 | 12.6 % കുറവ് | എസ്റ്റിമേറ്റ് നിരക്ക്. | 18900 |
| ആകെ | | | | | 157182 |

വെട്ടിതിരുത്തൽ അംഗീകരിച്ചില്ലായിരുന്നെങ്കിൽ ഗ്രാമപഞ്ചായത്തിന് മേൽ കാണിച്ച പ്രകാരം 157182 രൂപ നഷ്ടം സംഭവിക്കില്ലായിരുന്നു.അധികം അനുവദിച്ച തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-8 ടെക്നിക്കൽ സർക്കുലറിന് വിരുദ്ധമായി റോഡ് പ്രവൃത്തി ചെയ്യുന്നു.

പ്രവൃത്തിയുടെ പേര്- കളോളിപൊയിൽ - കരുവാങ്കണ്ടി മുക്ക് റോഡ്

പ്രൊജക്ട് നമ്പർ - 121/17

പ്രവൃത്തി മൂല്യം- 50000

ബിൽ- 66/31.03.2017

കരാറുകാരൻ- ഗഫൂർ.പി.

മേൽ പ്രവൃത്തിയുടെ ആദ്യ ഇനം 42 മീറ്റർ നീളത്തിൽ 3മീറ്റർ വീതിയിൽ 0.075 മീറ്റർ കനത്തിൽ വാട്ടർ ബൗണ്ട് മെക്കാഡം ഗ്രേഡിംഗ് 3 സബ്‌വേസ് ആണ്.ഇതിനുമുകളിൽ ബിറ്റുമെൻ ഉപയോഗിച്ച് പ്രൈം കോട്ട്, ടാക്ക് കോട്ട്,ചിപ്പിംഗ് കാർപെറ്റ് ,സീൽ കോട്ട് എന്നിവ ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. (തുക 70000 ).ഇപ്രകാരം പ്രവൃത്തി ചെയ്തതിന് കരാറുകാരന് മേൽ ബിൽ പ്രകാരം 50000 രൂപ അനുവദിച്ചിട്ടുണ്ട്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ടെക്നിക്കലിന്റെ സർക്കുലർ നമ്പർ ഇൻസ്പെക്ഷൻ-ടെക്നിക് /10/2016/ഫിൻ. തീയതി. 20.07.2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വെറ്റ്മിക്സ് മെക്കാഡം ആണ് അവലംബിക്കേണ്ടതെന്നും വാട്ടർ ബൗണ്ട് മെക്കാഡത്തിനേക്കാളും വെറ്റ്മിക്സ് മെക്കാഡം ആണ് നല്ലതെന്നും വെറ്റ്മിക്സ് മെക്കാഡത്തിന്റെ റേറ്റ് വാട്ടർ ബൗണ്ട് മെക്കാഡത്തിനേക്കാളും കുറവായതിനാൽ വെറ്റ്മിക്സ് മെക്കാഡം ആണ് റോഡ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അവലംബിക്കേണ്ടതെന്നും നിഷ്കർഷിക്കുന്നു.ഇതിന് വിരുദ്ധമായി വാട്ടർ ബൗണ്ട് മെക്കാഡം ആണ് മേൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-9 കിളച്ചെടുത്ത സാധാരണ പാറ -ഫില്ലിംഗിന് ഉപയോഗിച്ചില്ല

പ്രവൃത്തിയുടെ പേര്- വെള്ളിയൂർ മാതയോത്ത് ചാലിൽ റോഡ്

കരാറുകാരൻ .എൻ.പി. കണാരൻ

എം-ബുക്ക് .40/15-16

ബിൽ 1/5.10.2016, ₹ 210320

പ്രവൃത്തി മൂല്യം 711619

2014 ലെ ഡി.എസ്.ആർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സാധാരണ പാറ കിളച്ചെടുക്കുന്ന പ്രവൃത്തിയാണ് എക്സ്ട്രാ ഇനം 2 ആയി ഉൾകൊള്ളിച്ചത്.റോഡിലെ നിലവിലുള്ള സാധാരണ പാറ പൊട്ടിച്ചെടുക്കലാണ് ഈ പ്രവൃത്തി.ഇത്തരത്തിൽ 25 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 1 മീറ്റർ കനത്തിൽ 75ഘനമീറ്റർ പാറയാണ് പൊട്ടിച്ചെടുത്തത്.എന്നാൽ 75 ഘ.മീ സാധാരണ പാറ എന്ത് ചെയ്തു എന്ന് എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.ഇതിന് ഒരു ഘനമീറ്റർ 321.45 രൂപ പ്രകാരം 24111 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.(321.45x75=24111)

ഈ എസ്റ്റിമേറ്റിലെ ആറാം ഇനം മണ്ണ് ഫില്ലിംഗ് പ്രവൃത്തിയാണ്.297.51 എം3 മണ്ണ് ഫിൽ ചെയ്തതിന്( എം ബുക്ക് പേജ് 16 കാണുക) 140.97 ഘനമീറ്ററായി ലിമിറ്റ് ചെയ്ത് ഒരു ഘനമീറ്ററിന് 416.50 രൂപ നിരക്കിൽ 58714 രൂപ കരാറുകാരന് അനുവദിച്ചു.മേൽ കാണിച്ച 75 എം3 സാധാരണ പാറ ഈ ഫില്ലിംഗിന് വേണ്ടി ഉപയോഗിക്കാമായിരുന്നു.പ്രസ്തുത ഘനമീറ്റർ ചെയ്ത ഫില്ലിംഗ് പ്രവൃത്തിയിൽ കുറവ് ചെയ്തതായി കാണുന്നില്ല.ആയതിനാൽ പ്രസ്തുത 75 എം3 ഫില്ലിംഗിന് ഉപയോഗിച്ചു എന്നതിനാൽ ഇതിന് വേണ്ടി ചെലവഴിച്ച 58714 രൂപയിൽ 75 എം3 ഫില്ലിംഗിന് വേണ്ടി വന്ന 31238/- രൂപ (75*416.5) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 ജലസുരക്ഷ ജീവസുരക്ഷ ക്യാംപയിൻ സംഭാവന-വിനിയോഗ സാക്ഷ്യ പത്രമില്ല

വൗച്ചർ നം. 21600690/07.01.2017

സ.ഉ(സാധാ) നം. 3493/2016/തസ്വഭവ 22.12.2016 പ്രകാരം ജലസുരക്ഷ ജീവസുരക്ഷ എന്ന സംസ്ഥാനതല ക്യാംപയിൻ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സംഘാടന ചെലവുകൾക്കായി സംഭാവന നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം 2000/- രൂപ സ്വാഗതസംഘം കൺവീനർക്ക് കൈമാറിയിട്ടുമുണ്ട്. ഇതേ ഉത്തരവിൽ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തസ്വഭവ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരത്തിലൊരു ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമായില്ല. ആയതിന്റെ അഭാവത്തിൽ ചെലവു തുകയായ 2000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് - തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നില്ല

2016-17 സാമ്പത്തിക വർഷം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിലേക്ക് പഞ്ചായത്തിൽ നിന്നും 1,42,000/-രൂപ അടവാക്കുകയുണ്ടായി. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും അല്ലാത്തതുമായ വിളക്കുകളുടെ വിവരം, തെരുവു വിളക്കുകൾ സ്ഥാപിച്ച സ്ഥലത്തിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. സ.ഉ നം. 65529/ഡി സി 3/12/തസ്വഭവ തീ. 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ആയതിനുള്ള ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി നൽകുന്നതും ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് (എം എസ്)13/97/പവർ ഡിപാർട്ട്മെന്റ് തീയതി-22.03.1999 പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ആഴ്ചയിൽ ഒരു ദിവസം അസിസ്റ്റന്റ് എഞ്ചിനീയറുമായി (കെ.എസ്.ഇ.ബി) ബന്ധപ്പെട്ട് നിശ്ചയിച്ച് നടത്തേണ്ടതാണ്. ആയതിന് വീഴ്ച വരുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട ജനകീയ സമിതികൾ ഇലക്ട്രിസിറ്റി ബോർഡ് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമുണ്ട്. കൂടാതെ പഞ്ചായത്ത്തല ജനകീയ സമിതികൾ യോഗം ചേർന്ന് തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിലയിരുത്തേണ്ടതുമാണ്.

പഞ്ചായത്തിന് ഗുണപ്രദമായ രീതിയിൽ വൈദ്യുതി ചാർജ് അടവാക്കുന്നതിനായി വ്യക്തമായ പരിശോധന നിശ്ചിത ഇടവേളകളിൽ നടത്തുന്നതിനൊപ്പം അധിക വൈദ്യുതി ചാർജ് അടവാക്കുന്നില്ല എന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-12 <u>വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ</u>

2016 ഡിസംബർ മാസം മുതൽ വൗച്ചറുകൾ കൃത്യമായി നമ്പർ ക്രമത്തിലോ ഫണ്ട് അടിസ്ഥാനത്തിലോ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വൗച്ചറുകളും ഉൾപ്പെട്ടിട്ടുണ്ടോ എന്നത് കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഏതാനും വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഉദാ:- 21600605, 21600872, 873, 911, 912, 913, 21601054, 21601108, 1109, 1110, 1111, 1117, 1118, 1119, 1120, 1121 എന്നിവ .

2011- ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ചട്ടങ്ങൾ)ചട്ടം 10-ൽ വൗച്ചറുകളുടെ സൂക്ഷിപ്പ് എങ്ങനെയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, വൗച്ചറുകൾ ചട്ടപ്രകാരം സൂക്ഷിക്കേണ്ടതുമാണ്.

## 3-13 <u>സംസ്ഥാന ബധിര കായികമേളയ്ക്ക് സംഭാവന നൽകൽ - അപാകതകൾ</u>

25.8.2016 മുതൽ 28.8.16 വരെ കോഴിക്കോട് മെഡിക്കൽ കോളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ വെച്ച നടന്ന 22ാമത് സംസ്ഥാന ബധിരകായികമേളയ്ക്ക് .വൗച്ചർ നം. 21600597/08.12.2016 പ്രകാരം 2000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. സ.ഉ(സാ ധാ) നം. 2117/16 തസ്വഭവ തീയതി 12.7.16 പ്രകാരം 22ാം സംസ്ഥാന ബധിര കായികമേളയുടെ സംഘാടന ചെലവുകൾക്കായി 5000/- രൂപ നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് തനതുഫണ്ടിൽ നിന്ന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്ത് (165(8)/16 തീ. 28.10.2016 )2000/- രൂപ കേരള സംസ്ഥാന ബധിര കായികമേള കൺവീനർക്ക് കൈമാറിയത്(രശീതി നം. 168/07.12.2016).

വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ തുക നൽകുന്ന സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 2000 രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇത് കൂടാതെ, കായികമേളയുടെ സംഘാടന ചെലവുകൾക്കായി ധനസഹായം നൽകുന്നതിനാണ് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 28.08.2016 ന് കായികമേള കഴിഞ്ഞ് 08.12.2016 നാണ് തുക കൈമാറിയിരിക്കുന്നത്.(തുക കൈപ്പറ്റിയ തീയതി 07.12.216, വൗച്ചർ തീയതി 08.12.2016 ഉം ആണ്. ). ഇത് സംബന്ധമായ തീരുമാനമെടുക്കുന്നത് 10/2016 ലും ആണ്. അപാകതകൾ വിശദീകരിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 2000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 <u>വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പ് - അസാധാരണ ചെലവിനത്തിൽ ഉൾപ്പെടുത്തി</u>

നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെയും, ബി. ആർ.സിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽപെട്ട സ്കൂളുകളിൽ നിന്നും വിരമിച്ച അദ്ധ്യാപകർക്ക് 29.03.2016 ന് നൽകിയ യാത്രയയപ്പ് ചടങ്ങിൽ മെമന്റോ നൽകുന്നതിനും, ക്ഷണക്കത്ത്, ഫോട്ടോ എന്നിവയ്ക്കുമായി വൗച്ചർ നം. 21600039/21.04.2016 പ്രകാരം 6,370രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ (എം.എസ്) 58/06 ത സ്വ ഭ വ തീയതി 16.2.06 പ്രകാരം അസാധാരണ

ചെലവായി കണക്കാക്കാവുന്ന ഇനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യാത്രയയപ്പ് ചടങ്ങ് ഇതിൽ ഉൾപ്പെടുന്നില്ല. അസാധാരണ ചെലവിൽ ഉൾപ്പെടാത്ത ഇനത്തിനായി ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-15 ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ:മുഴുവൻ തുകയുടേയും മരുന്ന് ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രൊജക്ട് നമ്പർ: 93/17

ബിൽ നമ്പർ,തുക: 2/27-01-2017, 800,000/-

മേൽ പ്രോജക്ട് പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങുന്നതിനായി ബിൽ നമ്പർ 2/27-01-2017, 800,000/-ആയി മാറിയ 800,000/-രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായിട്ടും 778,419/-രൂപയുടെ മരുന്ന മാത്രമേ ലഭ്യമായിട്ടുള്ളൂ.സ.ഉ(എം.എസ്)71/2008/ത.സ്വ.ഭ.വ അനുസരിച്ച് 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കിയിട്ടില്ലെങ്കിൽ ഔഷധിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കേണ്ടതാണ്.തുക നൽകി ഏഴ മാസം കഴിഞ്ഞിട്ടും മുഴവൻ തുകയുടേയും മരുന്ന് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.ബാക്കി തുകയായ 21,581/-രൂപയുടെ മരുന്ന് ഉടൻ ലഭ്യമാക്കുകയോ അല്ലെങ്കിൽ ഈ തുക പിഴ സഹിതം തിരിച്ചീടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-16 എസ്.എസ്.എ ,ഐ.എ.വൈ വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

എ)നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ബിൽ നമ്പർ,തുക: 89/28-10-2016, 800,000/-

എസ്.എസ്.എ വിഹിതമായി 800,000/-രൂപ ഡി.ഡി നമ്പർ 023904/01-11-2016 ആയി എസ്.എസ്.എ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് എസ്.എസ് എ നൊച്ചാട് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ബി)നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

ബിൽ നമ്പർ,തുക: 13/14-03-2017, 220,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ബിൽ നമ്പർ,തുക: 11/06-03-2017, 632,010/-

മേൽ ബില്ലുകളിലായി ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയ ഐ.എ.വൈ വിഹിതം 852,010/-രൂപ (220,000+632010) മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് നൊച്ചാട് ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചതിന്റെ വിശദമായ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ ബില്ലുകളിലായി ചെലവഴിച്ച 16,52,010/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 നെൽകൃഷി പ്രോത്സാഹനം:ഗുണഭോക്തൃ ലിസ്റ്റ് മറികടന്ന് സഹായം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ബിൽ നമ്പർ,തുക: 2/10-03-2017, 96,000/-

മേൽ ബിൽ പ്രകാരം മാറിയ 96,000/-രൂപ ചെലവഴിച്ച് 108 ഗുണഭോക്താക്കൾക്ക് നെൽവിത്ത് വിതരണം നടത്തിയിട്ടുണ്ട്.ഗ്രാമസഭ അംഗീകരിച്ച 210പേരുടെ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമം മറികടന്നാണ് നെൽവിത്ത് സൗജന്യമായി വിതരണം നടത്തിയത്.ഉദാഹരണം ചുവടെ.

| ക്ര.നം. | വാർഡ് | പേര് | മാർക്ക് | പരാമർശം |
|---|---|---|---|---|
| 1 | 3 | ബിജു.ടി.എം | 70 | നൽകിയില്ല |
| 2 | 3 | ആലിക്കുട്ടി കരിങ്ങാറ്റിൽ | 20 | നൽകി |
| 3 | 7 | ശാന്ത വൈശന്നൂർ | 80 | നൽകിയില്ല |
| 4 | 7 | കുഞ്ഞിസൂപ്പി വടക്കയിൽ | 20 | നൽകി |

ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം മറികടന്ന് നെൽവിത്ത് സൗജന്യമായി വിതരണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 കദളീവനം പദ്ധതി:അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

കദളീവനം പദ്ധതി നടത്തിപ്പിനായി 85ഗുണഭോക്തൃ ഗ്രൂപ്പുകൾക്കായി 297500/-രൂപ ചെലവഴിച്ചിട്ടുണ്ട്.ചെലവിന്റെ വിശദാംശം ചുവടെ.

| ക്ര.നം. | ബിൽ/ നമ്പർ | തുക | ചെലവിന്റെ വിശദാംശം | പരാമർശം |
|---|---|---|---|---|
| 1 | 8/27-03-2017 | 95,625 | വാഴക്കന്ന് വാങ്ങി നൽകിയതിന് | 127,500 |
| 2 | 9/27-03-2017 | 146,000 | | |
| 3 | 10/31-03-2017 | 24,000 | ജൈവവളം സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത് | 170,000 |
| 4 | 10019130/27-03-2017 | 31,875 | | |
| ആകെ | | 297,500/- | | |

മേൽ കാണിച്ചതിൻ പ്രകാരം 85 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് തുക നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)170,000/-രൂപ ജൈവവളം സബ്സിഡിയായി നൽകിയിട്ടുണ്ട്.ഇത് ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ഭാരവാഹികളുടെ സംയുക്ത ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടിയിരുന്നത്.എന്നാൽ ഇവിടെ ഗുണഭോക്തൃ ഗ്രൂപ്പുകളിലെ ഒരംഗത്തിന്റെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡി തുക 170,000/-രൂപ നൽകിയിരിക്കുന്നത്.

2)ഗ്രൂപ്പ്കൃഷി നടത്തിയതിന് സ്ഥലം ഉടമയുടെ സമ്മതപത്രമില്ല

3)കൃഷി നടത്തിയതിന്റെ സാക്ഷ്യപത്രമില്ല.

മേൽ അപാകതകൾ കാരണം 297,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 ലാപ് ടോപ് വിതരണം:വിതരണരേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ബിൽ നമ്പർ :24/31-03-2017, 400,000/-

പ്രൊജക്ട് നമ്പർ107/17 ആയി പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിനായി 400,000/-രൂപ മേൽ ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.14 വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ് നൽകിയിരിക്കുന്നത്.എന്നാൽ ഈ വിദ്യാർത്ഥകൾ ലാപ് ടോപ് കൈപ്പറ്റിയതായുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കൈപ്പറ്റ് രേഖയുടെ അഭാവം കാരണം 400,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-20 അനുപൂരക പോഷകാഹരം:വണ്ടിവാടക നൽകി,വിതരണവിശദാംശം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ,തുക: 3/25-10-2016, 198591/-

മേൽ ബിൽ പ്രകാരം മാറിയ തുകയിൽ, ഭക്ഷ്യവസ്തുക്കൾ അംഗൻവാടികളിൽ വിതരണം നടത്തിയതിന് ശ്രീ ടി.ഗംഗാധരന് ഡി.ഡി നമ്പർ023899/28-10-2016 പ്രകാരം 15,366/-രൂപ നൽകിയിട്ടുണ്ട്.ഇതിൽ താഴെ കാണിക്കും പ്രകാരം വിവിധ അംഗൻവാടികളിൽ അരി വിതരണം നടത്തിയതിന് കിലോക്ക് 2/-രൂപ പ്രകാരം 9250/-രൂപ നൽകിയിട്ടുണ്ട്.

| അരി | തുക |
|---|---|
| 1300 കിലോഗ്രം | 2600 |
| 1575കിലോഗ്രം | 3150 |
| 1750കിലോഗ്രം | 3500 |

ആകെ 4625 കിലോഗ്രാമിന് 9250/-രൂപ നൽകി.

എന്നാൽ ഇങ്ങനെ വിതരണം നടത്തിയ 4625 കിലോഗ്രാം അരി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിതരണരേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-21 അധികതുക പിൻവലിച്ച് കൈവശം വെച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെക്ക് നമ്പർ,തുക: 1001916/30-03-2017, 340540/-

മേൽ ചെക്ക് പ്രകാരം മാറിയ 340,540/-രൂപയിൽ,അംഗൻവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കാണിക്കും പ്രകാരം 337,850/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| ഗ്യാസ് | 22100 |

| | |
|---|---|
| ടി.എച്.ആർ എസ് മിശ്രിതം | 45654 |
| ഭക്ഷ്യധാന്യം(മാവേലി സ്റ്റോർ) | 239738 |
| വണ്ടിവാടക | 7160 |
| അംഗൻവാടി വർക്കർമാരുടെ വൗച്ചർ പ്രകാരം | 21388 |
| ഗ്യാസ് വണ്ടി വാടക | 1810 |
| ആകെ | 337850/- |

340540/-രൂപ പിൻവലിച്ചതിൽ 337,850/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 2690/-രൂപ തിരിച്ചടക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയ്യതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | പ്രോജക്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 100000 | ജൈവ ഗ്രാമം | 100000 | 0 | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | - | 100000 | ഇടവിള കൃഷി | 100000 | 0 | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | - | 300000 | ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി | 300000 | 0 | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | - | 500000 | സാനിറ്ററി യൂണിറ്റ് നിർമ്മാണം | 500000 | 0 | പൂർത്തീകരിച്ചു |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം. തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 207/09 /ത.സ്വ.ഭ.വ., തീയതി : 07/11/2009, 306/09 /ത.സ്വ.ഭ.വ., തീയതി : 7/12/11 | 2016/17 | 0 | 4878590 | 2041942 | 0 | 2836648 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2019242 |
| തൻവർഷം നിക്ഷേപിച്ച തുക | 200925 |
| ആകെ | 2220167 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2220167 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിൻറെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം | 2210167 |
| ഇ.എം.എസ് ഹോസ്പിറ്റൽ ഷെയർ | 10000 |
| ആകെ | 2220167 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രസീത് നമ്പർ/തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2014-2015 | - | 6000 | ഹരിദാസൻ.ടി. | 11601101416 |
| 2015-16 | 2-5/1(12) | 5400 | സ്നേഹ ഫുഡ് പ്രൊഡക്ട്സ് | 11601102610 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 4.1.5 | 2014-15 | 4.1.5 | 2006-07 ൽ 407782/- രൂപ ചെലവിൽ പണിത വനിതാ കാന്റീൻ കെട്ടിടം ഉപയോഗമില്ലാതെ ചോരുന്ന നിലയിൽ കാണപ്പെട്ടു. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| സാമ്പത്തിക വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55065450 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49060192 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 401171 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2040624 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 154559 | ശ്രീ.അജിത് കുമാർ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 15256 | ശ്രീ.അജിത് കുമാർ. |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 33876 | ശ്രീ.അജിത് കുമാർ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 157182 | |
| 3-9 | | 31238 | |
| 3-14 | | 6370 | ശ്രീ.കെ.എം.രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-21 | | 2690 | ശ്രീമതി.എ.തങ്കം<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 401171 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 2000 | ശ്രീ കെ എം രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-13 | 2000/- | ശ്രീ കെ എം രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-15 | 21,581/- | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |
| 3-16 | 1652010 | 1.ശ്രീ.ബിനോയ് ബാലകൃഷ്ണൻ,<br>വി.ഇ.ഒ<br>2.ശ്രീ.ഉദയഭാനു.എം.പി. അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | 297500 | ശ്രീ.മനോജ്.പി.ആർ,<br>കൃഷി ഓഫീസർ |
| 3-19 | 400000 | ശ്രീ.ഉദയഭാനു.എം.പി. അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2375091 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം |
|---|---|
| 3-4 | 107605 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.അജിത് കുമാർ അസിസ്റ്റന്റ് എഞ്ചിനീയർ | | തളിയോത്ത് വീട്, ചേനോളി പി ഒ പേരാമ്പ്ര |
| ശ്രീ എ എം മാധവൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | 'സൌപർണിക' നടുവണ്ണൂർ പി ഒ പേരാമ്പ്ര |
| ശ്രീ കെ എം രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, നൊച്ചാട് ഗ്രാമപഞ്ചായത്ത് | കുന്നു മഠത്തിൽ വീട് അഴിയൂർ പി ഒ വടകര |
| ശ്രീ ഉദയഭാനു.എം.പി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നൊച്ചാട് ഗ്രാമപഞ്ചായത്ത് | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ എഫ് കെ കെ ഡി/പി4 /808/13(2) 16.07.2013 | 3 |
| 2001-02 (ഡി സി ബി) | എൽ എഫ് കെ കെ ഡി/പി4 /808/13(4) 16.07.2013 | 1 |
| 2001-02 (പ്ലാൻ) | എൽ എഫ് കെ കെ ഡി/പി4 /808/13(5) 16.07.2013 | 8 |
| 2002-03 | എൽ എഫ് കെ കെ ഡി/പി4 /808/13(6) 16.07.2013 | 8 |
| 2004-05 | എൽ എഫ് കെ കെ ഡി/പി4 /1540(12)/09 20.1.2011 | 1 |
| 2005-06 | എൽ എഫ് കെ കെ ഡി/പി4 /861/09(1) 07.01.2010 | 12 |
| 2006-07 | എൽ എഫ് കെ കെ ഡി/പി1 /861/09(7) 07.01.2010 | 7 |
| 2007-08 | എൽ എഫ് കെ കെ ഡി/പി1 /386/11 05.05.2011 | 27 |
| 2008-09 | എൽ എഫ് കെ കെ ഡി/പി4 /357/13(1) 06.05.2013 | 6 |
| 2009-10 | എൽ എഫ് കെ കെ ഡി/പി4 /357/2013 02.04.2013 | 5 |
| 2010-11,2011-12 | എൽ എഫ് കെ കെ ഡി/പി4 /787/14 03.07.2014 | 11 |
| 2012-13,2013-14 | എൽ എഫ് കെ കെ ഡി/പി4 /1231/15 18.02.2016 | 10 |

| | | |
|---|---|---|
| 2014-15 | കെ എസ് എ കെ കെ ഡി/പി4/ | 9 |
| 2015-16 | *കെ എസ് എ കെ.കെ.ഡി/പി 4/2098/2016 തീ.14.12.2016* | 37 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.4/1819/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-25.10.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.4/1819/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 25.10.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Nochad Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Nochad Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.